LIBRARY ARCHIVES Kerala Legislative Assembly

കള്ള് ചെത്ത് വ്യവസായ മേഖലയെ സംരക്ഷിക്കാൻ നടപടി

98 (1061) ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. കെ. അജിത് :
ശ്രീ. പി. തിലോത്തമൻ:
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കള്ള് ചെത്ത് വ്യവസായ മേഖലയെ സംരക്ഷിക്കാൻ ആവശ്യമായ നടപടികളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ :

(സി) പോലീസിലെ ലൈക്കം ബ്രാഞ്ച് വിഭാഗംപോലെ വ്യാജ മദ്യക്കേസുകൾ കൈകാര്യം ചെയ്യുന്നതിന് എക്സൈസിൽ പ്രത്യേക വിഭാഗം രൂപീകരിക്കണമെന്ന ശിപാർശയുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്.

കള്ള് വ്യവസായ തൊഴിലാളികളുടെ പെൻഷൻ തുക

99 (1062) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കള്ള് വ്യവസായ തൊഴിലാളികളുടെ പെൻഷൻ തുക ഇപ്പോൾ എത്ര രൂപയാണ് ;

(ബി) പ്രസ്തുത തുക വർദ്ധിപ്പിക്കണമെന്ന തൊഴിലാളികളുടെ ആവശ്യത്തിന്മേൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള കള്ള് വ്യവസായ തൊഴിലാളികളുടെ പെൻഷൻ തുക ഇപ്പോൾ 500 രൂപയാണ്.

(ബി) പ്രതിമാസം 150 രൂപ നിരക്കിലായിരുന്ന പെൻഷൻ തുക 4/2009 മുതലാണ് 500 രൂപയായി വർദ്ധിപ്പിച്ചത്. പെൻഷൻ തുക ഇനിയും വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.